## <u>സ്കൂൾ പരിധിയിൽ വാഹനങ്ങളുടെ വേഗനിയന്ത്രണത്തിനും മറ്റുമായി ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും / കമ്മിഷണർമാർക്കും ഐ.ജി.പി, ട്രാഫിക് നൽകിയ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗം</u>

സ്കൂളുകളുടെ പരിസരത്ത് വേഗപരിധി നിയമം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. സ്കൂൾ പരിസരത്ത് അമിത വേഗം ഒരു കാരണവശാലും അനുവദിക്കുകയില്ല എന്ന ദൃഢനിശ്ചയത്തോടെ അത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വാഹനങ്ങൾക്കെതിരെ കർശനമായ നടപടികൾ എടുക്കണം. സ്കൂൾ തുടങ്ങുന്ന സമയത്തും വിടുന്ന സമയത്തും റോഡരികുകളിലുള്ള സ്കൂളുകളുടെ സമീപം പോലീസിൻെറ സാന്നിദ്ധ്യം ഉറപ്പാക്കണം എന്ന നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. വേഗപരിധി ബോർഡുകൾ ഇനിയും വച്ചിട്ടില്ലാത്ത സ്കൂൾ പരിസരങ്ങളിൽ അവ വച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം.

സ്കൂൾ പരിസരത്ത് വേഗപരിധി ലംഘിച്ചോടിക്കുന്ന എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന കണക്ക് (2009 ജൂൺ ഒന്നു മുതൽ 2009 സെപ്റ്റംബർ ഒന്നു വരെ) ഓരോ ജില്ലാ പോലീസ് സൂപ്രണ്ടുമാരും/ കമ്മീഷണർമാരും സെപ്റ്റംബർ 15 നകം ഈ ഓഫീസിൽ ലഭിക്കത്തക്കവിധം അയച്ചു തരേണ്ടതാണ്.

****************************